**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2023-24-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സ്ഥാപിതമായിട്ടുണ്ടോയെന്നും അതിന്റെ സ്ഥാപിത ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (എ) | ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നു. കൗൺസിലിന്റെ കരട് നിയമാവലി അന്തിമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിലേക്കായി മൽസ്യ ബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ഫിഷറീസ് ഡയറക്ടർ കൺവീനറുമായുള്ള അഞ്ച് അംഗ സമിതി നടപടി സ്വീകരിച്ചു വരികയാണ്. നൂതന ആശയങ്ങൾ ആവിഷ്കരിച്ചു മത്സ്യബന്ധന മേഖലയിൽ വലിയ മാറ്റങ്ങൾ നടപ്പാക്കുന്നതിനാണ് ഇത് വിഭാവനം ചെയ്യുന്നത്.<br><br>പുതുതായി രൂപീകൃതമാകുന്ന ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ കരട് ആശയ രേഖ പ്രകാരമുള്ള പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. നൂതനാശയങ്ങൾ കൊണ്ടു വരുന്നതിനും സുസ്ഥിര സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും കേരളത്തിൽ കൂട്ടായ പ്രശ്നപരിഹാര മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനും, സമുദ്രോത്പന്ന വ്യവസായ പ്രവർത്തകർ, ഗവേഷണ സ്ഥാപനങ്ങൾ, ഇന്ത്യയിലും വിദേശത്തുമുള്ള പ്രസക്തമായ മറ്റു പങ്കാളികൾ എന്നിവരുമായി സഹകരണം പ്രോത്സാഹിപ്പിക്കുക.<br><br>2. ഉത്പാദനത്തിനും അനുബന്ധ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രോത്സാഹനം നൽകുക. മത്സ്യബന്ധനം, അക്വാകൾച്ചർ, സംസ്കരണം, മൂല്യവർദ്ധന, എന്നിവയ്ക്ക് ആവശ്യമായ സാങ്കേതിക പിന്തുണ നൽകുക. ഏകജാലക ക്ലിയറൻസ് സുഗമമാക്കുക, വ്യാവസായിക വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക, | |

മത്സ്യബന്ധന മേഖലയ്ക്ക് മാത്രമായി സംസ്ഥാനത്ത് ഒരു സമാന്തര വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്ന ഇൻപുട്ടുകൾ നൽകുക എന്നിവ.

3. ഗവേഷണ പഠനത്തെ സുഗമമാക്കുന്നതിനും വ്യവസായത്തിലുടനീളം അത്യാധുനിക സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്നതിനും അക്കാദമിക മികവും ഭക്ഷ്യ വ്യവസായവും തമ്മിലുള്ള സംയോജനം സുഗമമാക്കുന്നതിന് വിജ്ഞാന കൈമാറ്റം പ്രാപ്തമാക്കുകയും ശാസ്ത്രീയ മുന്നേറ്റങ്ങളെ പ്രായോഗിക നേട്ടങ്ങൾക്കായി പ്രയോജനപ്പെടുത്തുക, പുതിയ ഉല്പ്പന്നങ്ങൾ നിർമിക്കുന്നതിനുള്ള സാങ്കേതികവിദ്യകളുടെ വികസനത്തിനു പിന്തുണ നല്കുക.

4. നൂതനമായ ആശയങ്ങൾ, ആഴത്തിലുള്ള സാമ്പത്തിക വളർച്ച, ഗുണനിലവാരം, മൂല്യം, വരുമാനം എന്നീ മേഖലകളിൽ മൊത്തത്തിലുള്ള വികസനം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകമായ വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും, നിക്ഷേപ സ്രോതസ്സുകളെ ആകർഷിക്കുക, കാര്യക്ഷമമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നിവയിലൂടെ സംരംഭകത്വവും നിക്ഷേപവും സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

5. ഇൻ്റർ സെക്ടറൽ, ദേശീയ, അന്തർദേശീയ സഹകരണ-വിജ്ഞാന പങ്കിടൽ, സാങ്കേതികവിദ്യ കൈമാറ്റം എന്നിവയിലൂടെ മത്സ്യബന്ധന മേഖലയിൽ സുസ്ഥിര വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, നൂതന ആശയങ്ങൾ എന്നിവ നടപ്പാക്കുക.

6. മത്സ്യബന്ധന വ്യവസായത്തിന്റെ പുരോഗതിക്കായി സംസ്ഥാനത്ത് സംരംഭകത്വ വികസനത്തിനും സ്വകാര്യ മേഖലയിലെ നിക്ഷേപത്തിനും സാഹചര്യമൊരുക്കുക.

7. ഇൻകുബേഷൻ സേവനങ്ങൾ സുഗമമാക്കുന്നതിന് മേഖലയിലെ സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളുമായി മെന്ററിംഗും വ്യാവസായിക ബന്ധവും സ്ഥാപിക്കുക.

8. സുസ്ഥിര വ്യാവസായിക ആവാസ വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി വികസിപ്പിച്ച മത്സ്യ അനുബന്ധ മേഖലകളിലെ നെറ്റ്‌വർക്ക്/ക്ലസ്റ്ററിലെ വ്യവസായങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം സുഗമമാക്കുന്നതിന് പ്രവർത്തനം നടത്തുക.

| | | | |
|---|---|---|---|
| | | | 9. കൃഷി, മത്സ്യബന്ധനം, അനുബന്ധ മേഖലകളിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനായി നിക്ഷേപകർക്ക് ദീർഘകാല പാട്ടത്തിനോ മറ്റോ അനുയോജ്യമായ ഭൂമി ഏറ്റെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുക.<br><br>10. ആവശ്യമായ ഘട്ടങ്ങളിൽ ശരിയായ ഇൻപുട്ടുകളും സ്ഥിരമായ മാർഗ്ഗനിർദ്ദേശവും നല്കുന്നതിനും അക്രഡിറ്റേഷൻ, ക്വാളിറ്റി സ്റ്റാൻഡേർഡുകൾ, ക്ലാസിഫിക്കേഷൻ, സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ തുടങ്ങിയവ നേടിയെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുക.<br><br>11. പുതിയ സാങ്കേതികവിദ്യകൾ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവയിലൂടെ തൊഴിലാളികളുടെയും ജീവനക്കാരുടെയും താല്പ്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് നിലവിലുള്ള വ്യവസായത്തിൽ ആധുനികവല്ക്കരണം പഠിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br><br>12. മറ്റ് രാജ്യങ്ങൾ/ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ/ മത്സ്യത്തൊഴിലാളികൾ/ ഡെവലപർമാർ/ ഏതെങ്കിലും സ്വകാര്യ അല്ലെങ്കിൽ പൊതു ലിമിറ്റഡ് കമ്പനി, കോർപ്പറേഷൻ, സഹകരണ സംഘങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, എന്നിവയുമായി കമ്പനിക്ക് നേരിട്ടോ അല്ലാതെയോ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ കരാർ/ ധാരണാപത്രത്തിൽ ഏർപ്പിടുന്നതിനും തുടർ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുക.<br><br>13. മത്സ്യകൃഷി, സംസ്കരണം, മത്സ്യം/മത്സ്യ ഉല്പന്നങ്ങളുടെ വിപണനം എന്നിവയുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി പദ്ധതികൾ നടപ്പിലാക്കുക.<br><br>14. മത്സ്യബന്ധന മേഖലയുടെ വികസനത്തിനായുള്ള ഗവേഷണ സ്ഥാപനം ഒറ്റക്കോ മറ്റ് ഏജൻസികളുമായി സഹകരിച്ചോ സ്വന്തമാക്കാനും സ്ഥാപിക്കാനും പരിപാലിക്കാനും ശ്രമിക്കുക. |
| (ബി) | മൽസ്യബന്ധന-അനുബന്ധ മേഖലയിൽ ഒട്ടേറെ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത കൗൺസിൽ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | മത്സ്യബന്ധന-അനുബന്ധ മേഖലയയിൽ ഒട്ടനവധി വ്യവസായ സാദ്ധ്യതകൾ തുറക്കുക വഴി ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു ഇന്നവേഷൻ കൗൺസിൽ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | കേരള ഫിഷറീസ് ഇന്നൊവേഷൻ കൗൺസിൽ സ്ഥാപനം ഇന്നവേറ്റർമാർ, സ്റ്റാർട്ടപ്പുകൾ, വ്യവസായികൾ, നിക്ഷേപകർ, തൊഴിലന്വേഷകർ, ബിസിനസുകാർ, കർഷകർ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് അവരുടെ ആശയങ്ങൾ പങ്കുവെക്കാനും ഉചിതമായ പരിഹാരം കൊണ്ടുവരാനും ഒരു പൊതുവേദി നല്കുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകൾ, കോർപ്പറേറ്റ്, ബാങ്കിംഗ് മേഖല-ഏജൻസികൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ യോജിച്ച ബന്ധത്തിനും സഹകരണത്തിനും ഇത് ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു. ഫിഷറീസ് മേഖലയിൽ സുസ്ഥിരമായ വിഭവ വിനിയോഗം, ഉൽപ്പാദനം, മൂല്യവർദ്ധന, വിപണനം എന്നിവയ്ക്കുള്ള കാര്യക്ഷമമായ സംവിധാനം വികസിപ്പിക്കുന്നതിനും വമ്പിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആത്യന്തികമായി സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനും ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സഹായകമാകും. |
| (സി) | മത്സ്യ കയറ്റുമതി മേഖലയുടെ ഉന്നമനത്തിന് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സഹായകമാകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പുതിയ സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിനും, മത്സ്യ ഉൽപാദനവും മത്സ്യവ്യവസായവും മെച്ചപ്പെടുത്തുന്നതിനും നൂതനാശയങ്ങളിൽ ഊന്നി മൽസ്യകയറ്റുമതി മേഖലയുടെ ഉന്നമനത്തിനു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ ഉപകാരപ്രദമാകും. ആഗോള വിപണിയിൽ മത്സ്യവ്യാപാരത്തിനും, മൽസ്യകയറ്റുമതിക്കും ഉതകുന്ന തരത്തിൽ കൂടുതൽ ആധുനിക വൽക്കരണം കൊണ്ടുവരാനും അതിന്റെ ഗുണനിലവാരം ഉയർത്താനുമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സഹായകമാകും.<br><br>കേരളത്തിലെ മത്സ്യ വിഭവങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള സ്വാധീനം ശക്തിപ്പെടുത്തുന്നതിന് സാങ്കേതിക സഹായവും മാർക്കറ്റിങ്ങും പ്രോത്സാഹിപ്പിക്കും. മത്സ്യങ്ങളുടെ ഉത്പാദന, പ്രോസസ്സിംഗ്, പാക്കേജിങ്ങ്, എന്നിവയിലുള്ള നൂതന രീതികളും പ്രൊഫഷണൽ പരിശീലനങ്ങളും, മാർക്കറ്റിലെ പുതിയ ട്രെൻഡുകളും കൗൺസിൽ വഴി പ്രചരിപ്പിക്കും. കൂടാതെ മത്സ്യ ഉൽപാദനവും മത്സ്യവ്യവസായവും മെച്ചപ്പെടുത്തുന്നതിനായി, ഇന്റർ ഡിപ്പാർട്ട്മെന്റൽ/ സെക്ടറൽ സഹകരണം ശക്തിപ്പെടും, ഈ മേഖലയിലെ വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ്, മത്സ്യ ഉൽപന്നങ്ങളുടെ കയറ്റുമതിക്കാർ, വ്യവസായ വകുപ്പ്, |

| | | | |
|---|---|---|---|
| | | | കെ-ഡിസ്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ആർ ആൻഡ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവരും മറ്റ് വിവിധ സ്ഥാപനങ്ങളും ഇന്നവേഷൻ ക്ലസ്റ്ററിൽ സഹകരിക്കുന്ന പങ്കാളികളായിരിക്കും. ഇപ്രകാരം മൽസ്യകയറ്റുമതി മേഖലയുടെ ഉന്നമനത്തിനു വളരെയധികം പ്രയോജനകരമാവുന്ന തരത്തിലാണ് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ